**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3290**

08.11.2019 - ൽ
മറുപടിയ്ക്ക്

# വിത്ത് ബാങ്ക് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമായി ആധുനിക സൗകര്യങ്ങളോട്ടു കൂടിയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് രണ്ട് കോടി രൂപ കേരള കാർഷിക സർവ്വകലാശാലക്ക് അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; | എ) ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ കൃഷി വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് 21.02.2018 തീയതിയിലെ TA(3)44612/2017 ഉത്തരവ് പ്രകാരം അനുവദിക്കുകയും 15.03.2018-ന് പ്രസ്തുത തുക കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുകയും ചെയ്തു. |
| ബി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി കാർഷിക സർവ്വകലാശാല പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) 2018 മുതൽ 2023 വരെ 5 വർഷത്തെ കാലയളവിലേക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കാർഷിക സർവ്വകലാശാല സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. പദ്ധതിയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് കാർഷിക സർവ്വകലാശാല കൃഷി വകുപ്പിന് നൽകുന്നുണ്ട്. കൃഷി വകുപ്പുമായി സംയോജിപ്പിച്ച് കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി, ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് എന്നീ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പ്രകാരം നാടൻ ഇനങ്ങൾ കൃഷി ചെയ്തു വരുന്നു. |
| സി) പട്ടാമ്പി, മണ്ണുത്തി എന്നിവിടങ്ങളിൽ വിത്തു ബാങ്ക് സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ? | സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽ വരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ (പറമ്പുവട്ടൻ, തവളക്കണ്ണൻ, തെക്കൻ ചീര, ചെങ്കയമ, കട്ടമോടൻ, കറുത്ത മോടൻ, ചുവന്ന മോടൻ, രക്തശാലി, |

ചെന്നെല്ല്, ചൊമാല, കല്ലടി ആര്യൻ) വൻതോതിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്ന രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. കൂടാതെ മറ്റിനങ്ങളായ എറവപാണ്ടി, വെള്ളരി, തെക്കൻ ചീമേനി, കവുങ്ങിൻ പൂങ്കുല, തെക്കൻ എന്നിവയുടെയും വിത്തുല്പാദനം നടത്തിവരുന്നുണ്ട്. കൂടാതെ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 362 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരം നിലനിർത്തി വരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ (മധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനം) പൂർത്തീകരണ ഘട്ടത്തിലാണ്. അത് ഉടൻ പ്രവർത്തനക്ഷമമാവുന്നതാണ്. കൂടാതെ പയറിന്റെ വിവിധ ഇനങ്ങളുടെ ഒരു ജനിതക ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് സീഡ് സയൻസ് വിഭാഗം ചെയ്തു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ